ഫോൺ നമ്പർ:0484-2101485
0484-2342485, 0484-2346091
ഇമെയിൽ: ceokl@wakf.gov.in
വെബ്സൈറ്റ് : www.keralastatewakfboard.in

# കേരള സംസ്ഥാന വഖ്ഫ് ബോർഡ്

മുഖ്യകാര്യാലയം, വി.ഐ.പി. റോഡ്, കലൂർ, കൊച്ചി-682017

**No. B4-5461/25**

**Date : 29-08-2025**

## ടെണ്ടർ/പൊതുലേല വിജ്ഞാപനം

കേരള സ്റ്റേറ്റ് വഖ്ഫ് ബോർഡ് വക ബ്രോഡ്‌വെ കെട്ടിടത്തിലെ സി.സി. 67/7971 നമ്പർ കടമുറി (1400 സ്ക്വയർഫീറ്റ്) അഞ്ച് വർഷത്തേക്ക് വാടകക്ക് നൽകുന്നു. ടി കടമുറി വാടകയ്ക്കെടുക്കുവാൻ താൽപ്പര്യമുള്ള വ്യക്തികളോ സ്ഥാപനങ്ങളോ ടെണ്ടറുകളും ലേല അപേക്ഷകളും 12-09-2025-ാം തീയതി വൈകുന്നേരം 5.00 മണിക്കകം ബോർഡിന്റെ ആസ്ഥാന കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. പൊതുലേലവും, ടെണ്ടർ പരിശോധനയും 15-09-2025-ാം തീയതി രാവിലെ 11.00 മണിക്ക് ബോർഡിന്റെ ആസ്ഥാന കാര്യാലയത്തിൽ വെച്ച് നടത്തപ്പെടുന്നതാണ്. ലേലം/ടെണ്ടർ വ്യവസ്ഥകളും, ഫോമുകളും www.keralastatewakfboard.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
(ഇൻ ചാർജ്ജ്)

To,

1) Notice Board, Kerala State Waqf Board, Ernakulam
2) Website, Kerala State Waqf Board
3) Room. No: C.C 67/7971

KERALA STATE WAQF BOARD * ERNAKULAM * COCHIN 682 017

# കേരള സ്റ്റേറ്റ് വഖ്ഫ് ബോർഡ്
# ബ്രോഡ്‌വെ കടമുറി ടെണ്ടർ/പൊതുലേലം
# നിബന്ധനകൾ

1. 1400 സ്ക്വയർഫീറ്റ് വിസ്താരമുള്ള സി.സി. 67/7971 കടമുറിക്ക് 1,10,000/- രൂപയാണ് (സർവ്വീസ് ടാക്സ് പുറമെ) അടിസ്ഥാന വാടകയായി നിശ്ചയിച്ചിട്ടുള്ളത്.
2. മാസ വാടക നിരക്ക് (18% സർവ്വീസ് ടാക്സ് പുറമെ) രേഖപ്പെടുത്തി സീൽ ചെയ്ത ടെണ്ടറുകൾ 12-09-2025-ാം തീയതി വൈകിട്ട് 5:00 മണിക്ക് മുമ്പായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റേറ്റ് വഖ്ഫ് ബോർഡ്, കൊച്ചി - 17 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.
3. 15-09-2025-ാം തീയതി രാവിലെ 11 മണിക്ക് ബോർഡിന്റെ ഹെഡ്ഡാഫീസിൽ വച്ച് പൊതുലേലം നടത്തുന്നതും ലേലത്തിന് ശേഷം ഹാജരുള്ള ആളുകളുടെ സാന്നിധ്യത്തിൽ ടെണ്ടറുകൾ തുറന്ന് പരിശോധിക്കുന്നതുമാണ്.
4. 15-09-2024-ാം തീയതി ഏതെങ്കിലും കാരണവശാൽ അവധി ദിവസമായി വരികയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം ഇതേ സമയം ടെണ്ടർ/പൊതുലേല നടപടികൾ നടത്തുന്നതാണ്.
5. ടെണ്ടർ/പൊതുലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി ഒരു ലക്ഷം രൂപ കേരള സ്റ്റേറ്റ് വഖ്ഫ് ബോർഡിന്റെ പേരിൽ എറണാകുളത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതും ടെണ്ടർ/പൊതുലേലം ഉറപ്പിക്കുന്നവരുടെ നിരത ദ്രവ്യം താത്ക്കാലികമായി സെക്യൂരിറ്റി തുകയിലേക്ക് കണക്കാക്കുന്നതും ബാക്കിയുള്ളവരുടെ നിരതദ്രവ്യം ഉടനടി തിരിച്ചു നൽകുന്നതുമാണ്.
6. ടെണ്ടർ/പൊതുലേലം ഉറപ്പിക്കുന്നത് ബോർഡ്‌യോഗ തീരുമാനത്തിന് വിധേയമായിരിക്കുന്നതാണ്.
7. ലേലം/ടെണ്ടർ താത്കാലികമായി ഉറപ്പിക്കപ്പെട്ട വ്യക്തി 6 മാസത്തെ വാടക സെക്യൂരിറ്റി തുകയായി ലേലം താൽക്കാലികമായി ഉറപ്പിച്ച് 5 ദിവസത്തിനുള്ളിൽ ഡിമാന്റ് ഡ്രാഫ്റ്റായി ബോർഡ് ഹെഡ്ഡാഫീസിൽ അടക്കേണ്ടതാണ്. അപ്രകാരം അടക്കാത്തപക്ഷം ടിയാന്റെ ഓഫർ നിരസിക്കുന്നതും നിരതദ്രവ്യത്തിൽ നിന്നും 20% കുറവ് വരുത്തിയതിന് ശേഷം മാത്രമേ തിരികെ നൽകുകയുള്ളൂ.

8. ലേലത്തിൽ പങ്കെടുക്കുന്നവർ നിശ്ചിത ഫോറത്തിൽ അപേക്ഷിക്കേണ്ടതും ഫോട്ടോ പതിച്ച ഏതെങ്കിലും അംഗീകൃത തിരിച്ചറിയൽ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതുമാണ്.
9. ടെണ്ടറിനോടൊപ്പം നിരതദ്രവ്യം അടച്ചവർക്ക് ലേലത്തിൽ പങ്കെടുക്കുന്നതിന് വീണ്ടും നിരതദ്രവ്യം അടക്കേണ്ടതില്ല.
10. പ്രസ്തുത ടെണ്ടർ/ലേലം ബോർഡ് അംഗീകരിച്ച ശേഷം ടെണ്ടർ/ലേലം കൊണ്ട വ്യക്തിയെ രേഖാമൂലം അറിയിക്കുന്നതും ലേലം ഉറപ്പിച്ചയാളുടെ പേരിൽ മാത്രം വാടക കരാർ എഴുതുന്നതുമായിരിക്കും.
11. ടെണ്ടർ/ലേലം നിരാകരിക്കാനും നിർത്തിവെക്കാനും പൂർണ്ണ അധികാരം ബോർഡിൽ നിക്ഷിപ്തമാണ്.

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

**(ഇൻ ചാർജ്)**

KERALA STATE WAQF BOARD * ERNAKULAM
COCHIN
682 017

# കേരള സ്റ്റേറ്റ് വഖ്ഫ് ബോർഡ്

## കലൂർ, കൊച്ചി – 17

## സി. സി. 67/7971 നമ്പർ കടമുറി

## ടെണ്ടർ ഫോറം

1. അപേക്ഷകന്റെ പേരും
   പൂർണ്ണമായ വിലാസവും
   പിൻകോഡ് സഹിതം :

2. ഷോപ്പ്റൂം എത് തരം
   ബിസിനസ്സിന് ഉദ്ദേശിക്കുന്നു:

3. കടമുറിക്ക് ഓഫർ
   ചെയ്യുന്ന മാസ വാടക
   നിരക്ക് (18% GST പുറമെ) :

4. ടെലഫോൺ നമ്പർ :

5. ആധാർ കാർഡ് നമ്പർ :

6. പാൻ നമ്പർ :

7. നിരതദ്രവ്യം അടച്ചതിന്റെ
   വിവരം :

സ്ഥലം :

തീയതി :

അപേക്ഷകന്റെ പേരു ഒപ്പും

(സ്ഥിര മേൽവിലാസം)

# കേരള സ്റ്റേറ്റ് വഖ്ഫ് ബോർഡ്

## കലൂർ, കൊച്ചി - 17

## സി. സി. 67/7971 നമ്പർ കടമുറി

## ലേലത്തിൽ മാത്രം പങ്കെടുക്കുന്നവർക്കുള്ള അപേക്ഷ ഫോറം

1. അപേക്ഷകന്റെ പേരും പൂർണ്ണമായ വിലാസവും പിൻകോഡ് സഹിതം :
2. ഷോപ്പ്റൂം എത് തരം ബിസിനസ്സിന് ഉദ്ദേശിക്കുന്നു:
3. ടെലഫോൺ നമ്പർ :
4. ആധാർ കാർഡ് നമ്പർ :
5. പാൻ നമ്പർ :
6. നിരതദ്രവ്യം അടച്ചതിന്റെ വിവരം :

സ്ഥലം : അപേക്ഷകന്റെ പേരു ഒപ്പും

തീയതി : (സ്ഥിര മേൽവിലാസം)

(പൂരിപ്പിച്ച അപേക്ഷ ഫോറം നിരതദ്രവ്യം സഹിതം 12-09-2025-ാം തീയതി വൈകിട്ട് 5:00 മണിക്ക് മുമ്പായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റേറ്റ് വഖ്ഫ് ബോർഡ്, കൊച്ചി - 17 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.)